**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2811** **13-10-2021 - ൽ മറുപടിയ്ക്ക്**

**വന്യ മൃഗാക്രമണ ലഘൂകരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ഒ . ആർ. കേളു** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജനപ്രതിനിധികൾ, പൊതുജനങ്ങൾ, വ്യത്യസ്ത മേഖലകളിലെ വിദഗ്ദ്ധർ തുടങ്ങിയവരുടെ അഭിപ്രായം ആരാഞ്ഞ് ഫലപ്രദമായ വന്യമൃഗാക്രമണ ലഘൂകരണ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് ഉയർന്ന തോതിൽ മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന മേഖലകൾ കണ്ടെത്തി, നിലവിൽ ഇത്തരം സംഘർഷങ്ങൾ നേരിടുന്നതിനായി അനുവർത്തിച്ചു വരുന്ന പ്രതിരോധ പരിഹാര മാർഗ്ഗങ്ങൾ വിശകലനം ചെയ്ത്, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വിശദമായ ഒരു കർമ്മപദ്ധതി തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് വെബ്സൈറ്റ്, പത്രങ്ങൾ, റേഡിയോ എന്നിവയിലൂടെ പൊതുജനാഭിപ്രായം തേടുകയും, 1600 ഓളം അഭിപ്രായങ്ങൾ രേഖാമൂലം ലഭ്യമാവുകയും ചെയ്തു. വിശദമായ പഠനങ്ങളുടെയും ബഹു.എം.പിമാർ, എം.എൽ.എമാർ, ഇതര ജനപ്രതിനിധികൾ, ശാസ്ത്രജ്ഞർ, കർഷക സംഘടനകൾ, പൊതുജനങ്ങൾ തുടങ്ങിയവരിൽനിന്നും ലഭിച്ച അഭിപ്രായങ്ങളുടെയും, ഉദ്യോഗസ്ഥതല ചർച്ചകളുടെയും അടിസ്ഥാനത്തിൽ 5 വർഷത്തേയ്ക്കുള്ള ഒരു സമഗ്ര പദ്ധതി തയ്യാറാക്കി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ 2021 സെപ്തംബറിൽ സമർപ്പിച്ചത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | വന്യജീവികളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തി അവ നാട്ടിലിറങ്ങുന്നത് നിരുത്സാഹപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. ശോഷണം സംഭവിച്ച വനഭാഗങ്ങളിൽ ശോഷിക്കപ്പെട്ട വനങ്ങളുടെ പുനരുജ്ജീവനം, പ്രകൃതിദത്തവനങ്ങളുടെ സഹായ വനവൽക്കരണം എന്നീ പദ്ധതികളിലൂടെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുള്ള ഇക്കോറെസ്റ്റോറേഷൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വനപരിപാലനത്തിനും, വനസമ്പത്ത് കാത്ത് സൂക്ഷിക്കുന്നതിനും കാട്ടുതീ |

| | | | |
|---|---|---|---|
| | | | പ്രതിരോധ പ്രവർത്തനങ്ങൾ, പ്ലാൻറേഷനുകൾ നട്ടുപിടിപ്പിക്കലും, അവയുടെ സംരക്ഷണ പ്രവർത്തനങ്ങളും കൂടാതെ മണ്ണൊലിപ്പ് തടയുന്നതിനും ജലസംരക്ഷണത്തിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം, വാറ്റിൽ എന്നീ വിദേശീയ ഇനം തോട്ടങ്ങളെ ഘട്ടം ഘട്ടമായി വെട്ടിനീക്കി തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും, പുൽമേട്ടുകൾ സംരക്ഷിച്ചും ജൈവവൈവിധ്യസംരക്ഷണം ഉറപ്പാക്കുന്നുണ്ട്. വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയുവാനും, വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കുവാനും കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിക്കുകയും ജലസ്രോതസ്സുകളിൽ മാലിന്യവും, ചെളിയും നീക്കി സംരക്ഷിച്ചും വനങ്ങളെ പുഷ്ടിപ്പെടുത്തി വരുന്നുണ്ട്. |
| (സി) | കിഫ്ബി ഫണ്ടുപയോഗിച്ചുള്ള വന്യ മൃഗാക്രമണ ലഘൂകരണ പദ്ധതികൾ കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനു വേണ്ടി വിവിധ വനം ഡിവിഷനുകളിൽ കിഫ്ബി ധനസഹായത്തോടെ രണ്ട് ഘട്ടങ്ങളിലായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഒന്നാം ഘട്ട പദ്ധതിയിൽ പുനലൂർ, തെന്മല, തിരുവനന്തപുരം, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിഷനുകളിലായി 101.50 കി.മീറ്റർ ദൂരം സൗരോർജ്ജവേലി നിർമ്മാണത്തിനായി 1.83 കോടി രൂപയും, വയനാട് വൈൽഡ് ലൈഫ് ഡിവിഷനു കീഴിൽ 0.41 കി.മീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിൽ നിർമ്മാണത്തിനായി 0.57 കോടി രൂപയും, 10 കി.മീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിങ് പ്രവർത്തികൾ നടത്തുന്നതിനായി 15 കോടി രൂപയും വകയിരുത്തിയിട്ടുള്ളതും, ആയതിന് ഭരണാനുമതി നൽകിട്ടുള്ളതുമാണ്. രണ്ടാം ഘട്ടപദ്ധതിയിലുൾപ്പെടുത്തി പുനലൂർ, തെന്മല, തിരുവനന്തപുരം, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിഷനുകളിലായി 136.70 കി.മീറ്റർ ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മാണത്തിനായി 2.47 കോടി രൂപയും പാലക്കാട് വനം ഡിവിഷനു കീഴിൽ 0.30 കി.മീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിൽ നിർമ്മാണത്തിനായി 0.45 കോടി രൂപയും, നിലമ്പൂർ സൗത്ത്, വയനാട് സൗത്ത്, വയനാട് നോർത്ത്, വയനാട് വൈൽഡ് ലൈഫ് എന്നീ വനം ഡിവിഷനുകളിലായി 48 കി.മീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിങ് നിർമ്മാണത്തിനായി 24 കോടി രൂപയും കൂടാതെ തിരുവനന്തപുരം വയനാട് സൗത്ത്, കണ്ണൂർ എന്നീ ഡിവിഷനുകളിൽ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളെ അവരുടെ |

| | | | |
|---|---|---|---|
| | | | സമ്മതത്തോടു കൂടി മാറ്റി പാർപ്പിക്കൽ പദ്ധതിക്കായി 75.15 കോടി രൂപയും വകയിരുത്തുകയും ആയതിന് ഭരണാനുമതി നല്കിയിട്ടുള്ളതുമാണ്. |
| (ഡി) | വനത്തിനോടു ചേർന്നുള്ള പ്രദേശങ്ങളിൽ കൃഷി സമ്പ്രദായത്തിൽ യുക്തമായ മാറ്റത്തിന് വനം വകുപ്പ് മുൻകൈയ്യെടുക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | ജനജാഗ്രതാ സമിതികളുടെ ആഭിമുഖ്യത്തിൽ വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി ചെയ്യുന്നതിന് ജനങ്ങളിൽ അവബോധം വളർത്തുന്നതിന് നടപടികളെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ